**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5219 — 31.10.2016 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാല അസിസ്റ്റന്റ് നിയമനം


ചോദ്യം

ശ്രീ.റോജി എം. ജോൺ

ഉത്തരം

ശ്രീ. പിണറായി വിജയൻ

(മുഖ്യമന്ത്രി )


| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിലേക്ക് അസിസ്റ്റന്റ് നിയമനത്തിനായി പി.എസ്.സി. എന്നാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 10.08.2016 ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു |
| (ബി) | സംസ്ഥാനത്തെ ഏതൊക്കെ യൂണിവേഴ്സിറ്റികളുടെ നിയമനങ്ങൾക്കാണ് പ്രസ്തുത ലിസ്റ്റിലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 1. കേരള സർവ്വകലാശാല<br>2. കാലിക്കറ്റ് സർവ്വകലാശാല<br>3. കണ്ണൂർ സർവ്വകലാശാല<br>4. എം.ജി. സർവ്വകലാശാല<br>5. കുസാറ്റ്<br>6. കേരള കാർഷിക സർവ്വകലാശാല<br>7. കേരള ഫിഷറീസ് - സമുദ്ര പഠന സർവ്വകലാശാല<br>8. കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല<br>9. നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്<br>10. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്<br>11. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല<br>12. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല |
| (സി) | പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര പേർ ദിവസ | (സി) | കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, എം.ജി. സർവ്വകലാശാല , |

| | | | |
|---|---|---|---|
| | വേതനാടിസ്ഥാനത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ, കരാർ തുടങ്ങിയ രീതികളിൽ ജോലി നോക്കി വരുന്നുവെന്ന് ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ; | | കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം ടെക്ക്നോളജിക്കൽ സർവ്വകലാശാല , തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ നിലവിൽ ആരും തന്നെ അസിസ്റ്റന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലും വർക്കിംഗ് അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ, കരാർ തുടങ്ങിയ രീതികളിലും ജോലി നോക്കുന്നില്ല<br><br>**കണ്ണൂർ സർവ്വകലാശാല** - ദിവസവേതനാടിസ്ഥാനത്തിൽ 52 പേർ ജോലിചെയ്തുവരുന്നു. ഇതിൽ 42 പേർ അനുവദിക്കപ്പെട്ട തസ്തികകൾക്ക് പുറമേയുള്ളവരാണ്.<br><br>**കേരള കാർഷിക സർവ്വകലാശാല** - അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ 145 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലിനോക്കി വരുന്നു.<br><br>**കേരള ഫിഷറീസ് - സമുദ്ര പഠന സർവ്വകലാശാല** - നിലവിൽ കാലിക്കറ്റ് സർവ്വകലാശാലയിലെ 2 അസിസ്റ്റന്റുമാർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്നു.<br><br>**നുവാൽസ്** - 3 പേർ കരാറടിസ്ഥാനത്തിൽ ജോലിനോക്കുന്നു.<br><br>**കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്** - 31 അസിസ്റ്റന്റുമാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്തുവരുന്നു.<br><br>**കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി** - നിലവിൽ അസിസ്റ്റന്റ് തസ്തികയിൽ ഒരാൾ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**